# കേരള സർക്കാർ

## സാമൂഹ്യക്ഷേമ വകുപ്പ്

നമ്പർ 5947/എ3/97/സാ.ക്ഷേ.വ. 2002 ജൂലായ് 3.

## മുൻ കുററവാളികൾക്കും പ്രൊബേഷണർമാർക്കും എക്സ് പ്യൂപ്പിൾസിനും മുൻ അന്തേവാസികൾക്കും ധനസഹായം നൽകുന്നതിനുള്ള ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—ഈ ചട്ടങ്ങൾക്ക് ''മുൻ കുററവാളികൾക്കും പ്രൊബേഷണർമാർക്കും എക്സ് പ്യൂപ്പിൾസിനും മുൻ അന്തേവാസികൾക്കും ധനസഹായം നൽകുന്നതിനുള്ള ചട്ടങ്ങൾ'' എന്ന് പേര് പറയാവുന്നതാണ്. ഇവ പ്രസിദ്ധീകരിച്ചാലുടൻ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. ഉദ്ദേശലക്ഷ്യങ്ങൾ.—ദരിദ്രമായ സാമ്പത്തിക സാഹചര്യങ്ങളിൽ നിന്നുവരുന്നവരും മുൻ കുററവാളികളോ മേൽനോട്ടത്തിന് വിധേയരാക്കി വച്ചിരിക്കുന്ന കുററവാളികളോ തിരുത്തലിന് വേണ്ടിയോ, അല്ലാതെയോ ഉള്ള സ്ഥാപനങ്ങളിലെ എക്സ് പ്യൂപ്പിൾസോ മുൻ അന്തേവാസികളോ ആയിട്ടുള്ളവരും ആയ ആളുകളുടെ സാമൂഹ്യ പുനരധിവാസം ഗൗരവമേറിയ ഒരു സാമൂഹ്യപ്രശ്നമാണ്. അവർക്ക് മാന്യമായ ഉപജീവന മാർഗ്ഗം സമ്പാദിക്കുന്നതിനായി എന്തെങ്കിലും വ്യവസായമോ, കൈത്തൊഴിലോ ചെറുകിട വ്യാപാരമോ ആരംഭിക്കുന്നതിന് വേണ്ടി കുറച്ച് ധനസഹായം ചെയ്യുവാനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി.

### ഭാഗം I

### മുൻ കുററവാളികൾക്കുള്ള ധനസഹായം

3. ദരിദ്രമായ സാമ്പത്തിക പശ്ചാത്തലമുള്ള കുടുംബങ്ങളിൽപ്പെട്ടവരായ മുൻ കുററവാളികൾക്കും വിമോചിതരായ തടവുകാർക്കും മാത്രമേ ഈ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു.

4. സഹായത്തിനുള്ള അർഹത അപേക്ഷകൻ താമസിക്കുന്ന പ്രദേശത്ത് അധികാരമുള്ള പ്രൊബേഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്.

5. പദ്ധതി പ്രകാരമുള്ള സഹായത്തിനുവേണ്ടി (മെമ്പർ സെക്രട്ടറി നൽകുന്ന നിർദ്ദിഷ്ട ഫോറത്തിൽ) ഉള്ള അപേക്ഷ തിരുവനന്തപുരം ആഫ്ററർ കെയർ അസോസിയേഷന്റെ മെമ്പർ സെക്രട്ടറിക്ക് (ഇതിനുശേഷം മെമ്പർ സെക്രട്ടറി എന്നാണ് പരാമർശിക്കുക) സമർപ്പിക്കേണ്ടതാണ്.

6. മെമ്പർ സെക്രട്ടറിക്ക് ലഭിക്കുന്ന അപേക്ഷകൾ രജിസ്ററർ ചെയ്ത ശേഷം അപേക്ഷകന് അർഹത ഉണ്ടോ, ഇല്ലയോ എന്ന് പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്ക് അയച്ചുകൊടുക്കേണ്ടതാണ്. പ്രൊബേഷൻ ഓഫീസർ അവ, തന്റെ ശുപാർശ സഹിതം മെമ്പർ സെക്രട്ടറിക്ക് അയച്ചുകൊടുക്കുന്നതിനായി ബന്ധപ്പെട്ട റീജിയണൽ പ്രൊബേഷൻ ആഫീസർക്ക് അയയ്ക്കേണ്ടതാണ്.

7. ഇപ്രകാരമുള്ള എല്ലാ അപേക്ഷകളും മെമ്പർ സെക്രട്ടറി അസോസിയേഷന്റെ ഈ ആവശ്യത്തിലേക്കായി വിളിച്ചുകൂട്ടുന്ന സമ്മേളനത്തിന്റെ പരിഗണനയ്ക്കായി വയ്ക്കേണ്ടതാണ്.

8. സ്റേററ് ആഫ്ററർ കെയർ അസോസിയേഷൻ, ഓരോ കേസിന്റെയും അർഹത പരിഗണിച്ചതിനുശേഷം, പരമാവധി 5,000 രൂപ (അയ്യായിരം രൂപ മാത്രം) എന്ന പരിധിക്ക് വിധേയമായി ഓരോ കേസിലും നൽകേണ്ട ധനസഹായത്തിന്റെ അളവ് നിശ്ചയിക്കേണ്ടതാണ്.

9. മേൽപ്പറഞ്ഞ പ്രകാരം എടുക്കപ്പെട്ട തീരുമാനത്തിനനുസൃതമായി, മെമ്പർ സെക്രട്ടറി, ശരിയായ രസീത് വാങ്ങിക്കൊണ്ട്, ബന്ധപ്പെട്ട അപേക്ഷകനുള്ള ധനസഹായത്തുക ഓരോ വർഷവും ഈ ആവശ്യത്തിലേക്കായി ഗ്രാൻറായി നൽകപ്പെടുന്ന ഫണ്ടിൽ നിന്നും വിതരണം ചെയ്യേണ്ടതാണ്.

10. വിതരണം ചെയ്യപ്പെട്ട ധനസഹായത്തിന്റെ പ്രസക്തമായ എല്ലാ വിശദവിവരങ്ങളും മെമ്പർ സെക്രട്ടറി ഒരാഴ്ചക്കുള്ളിൽ, സ്വീകർത്താക്കൾ തുകകൾ ഉചിതമായ വിധത്തിൽ ഉപയോഗിച്ചുവോ എന്ന് നിരീക്ഷിക്കുവാൻ ചുമതലപ്പെട്ട, ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്ക് നൽകേണ്ടതും ധനസഹായം കൈപ്പററി ഒരു മാസത്തിനുള്ളിൽ അത് വിനിയോഗിച്ചതിനുള്ള സർട്ടിഫിക്കററ് വാങ്ങേണ്ടതുമാണ്.

## ഭാഗം 2

## പ്രൊബേഷണർമാർക്കുള്ള ധനസഹായം

11. പ്രൊബേഷൻ ഓഫീസർമാരുടെ മേൽനോട്ടത്തിൻ കീഴിലുള്ളവരും വളരെ ദരിദ്രമായ സാമ്പത്തിക പശ്ചാത്തലമുള്ളവരുമായ പ്രൊബേഷണർമാർക്ക് മാത്രമേ ഈ സഹായം നൽകുവാൻ പാടുള്ളു.

12. പ്രൊബേഷണർമാർക്ക് ഏതെങ്കിലും തരത്തിലുള്ള വ്യവസായമോ കൈത്തൊഴിലോ, ബിസിനസോ, വ്യാപാരമോ ആരംഭിക്കുന്ന ആവശ്യത്തിലേക്ക് മാത്രമേ ഈ സഹായം നൽകുവാൻ പാടുള്ളു.

13. പദ്ധതി പ്രകാരമുള്ള ധനസഹായത്തിനുള്ള അപേക്ഷ തിരുവനന്തപുരത്തെ ചീഫ് പ്രൊബേഷൻ സൂപ്രണ്ടിനെ അഭിസംബോധന ചെയ്തുകൊണ്ടുള്ളതായിരിക്കേണ്ടതും, അത് ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർ മുഖേന സമർപ്പിക്കേണ്ടതുമാണ്.

14. ഈ ചട്ടങ്ങളിലെ 11-ാം ചട്ടത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള വിഭാഗത്തിൽപ്പെടുന്നവരും, തങ്ങളുടെ പ്രൊബേഷൻ കാലയളവിന്റെ രണ്ടിലൊന്നു ഭാഗം തൃപ്തികരമായി പൂർത്തിയാക്കിയവരുമായ പ്രൊബേഷണർമാർക്ക് മാത്രമേ ഈ പദ്ധതി പ്രകാരമുള്ള സഹായത്തിന് അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളു.

15. ഈ പദ്ധതി പ്രകാരം പ്രൊബേഷൻ ഓഫീസർക്ക് കിട്ടുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം റീജിയണൽ പ്രൊബേഷൻ ഓഫീസർക്ക് അയച്ചുകൊടുക്കേണ്ടതും അദ്ദേഹം അവ തന്റെ ശുപാർശകൾ സഹിതം ചീഫ് പ്രൊബേഷൻ സൂപ്രണ്ടിന് അയച്ചുകൊടുക്കേണ്ടതുമാണ്.

16. ഓരോ അപേക്ഷയും ചീഫ് പ്രൊബേഷൻ സൂപ്രണ്ട് ആഫ്റ്റർ കെയർ അസോസിയേഷനുമായി കൂടിയാലോചിച്ച് പരിഗണിക്കേണ്ടതും, അർഹതയുണ്ടെന്ന് കാണുന്നപക്ഷം, ഓരോ കേസിലും പരമാവധി രൂപ 5000 (അയ്യായിരം രൂപ മാത്രം) എന്ന പരിധിക്ക് വിധേയമായി സഹായം അനുവദിക്കേണ്ടതുമാണ്. തുക നൽകുന്നത് ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർ മുഖേനയും സ്വീകർത്താക്കളിൽ നിന്ന് ശരിയായ രസീത് വാങ്ങിക്കൊണ്ടും ആയിരിക്കേണ്ടതാണ്.

17. സ്വീകർത്താക്കൾ തുക ഉചിതമായ വിധത്തിലാണോ വിനിയോഗിക്കുന്നത് എന്ന് ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർ നിരീക്ഷിക്കേണ്ടതും തുക വിതരണം ചെയ്ത തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ആവശ്യമായ വിനിയോഗ സർട്ടിഫിക്കറ്റ് വാങ്ങി അയച്ചുകൊടുക്കേണ്ടതുമാണ്.

18. തുക വിതരണം ചെയ്യുന്നതിനു മുൻപ് മെമ്പർ സെക്രട്ടറി/ചീഫ് പ്രൊബേഷൻ സൂപ്രണ്ട് ബന്ധപ്പെട്ട ഗുണഭോക്താവിൽ നിന്നും മുദ്രപ്പത്രത്തിൽ ഒപ്പിട്ട് പൂർത്തീകരിച്ച ഒരു കരാർ വാങ്ങേണ്ടതാണ്.

## ഭാഗം 3

## എക്സ് പ്യൂപ്പിൾസിനുള്ള ധനസഹായം

19. ദരിദ്രമായ സാമ്പത്തിക പശ്ചാത്തലമുള്ള കുടുംബങ്ങളിൽപ്പെട്ടവരും ജൂവനൈൽ ഹോമുകളിൽ/സ്പെഷ്യൽ സ്കൂളുകളിൽ നിന്ന് വിടുതൽ ചെയ്യപ്പെട്ട എക്സ് പ്യൂപ്പിൾസ്/അന്തേവാസികൾ ആയവരും പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൻ കീഴിലുള്ളവരും ആയ ആളുകൾക്ക് മാത്രമേ ഈ സഹായം ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

20. സഹായത്തിനുള്ള അർഹത അപേക്ഷകൻ താമസിക്കുന്ന സ്ഥലത്ത് അധികാരമുള്ള പ്രൊബേഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

21. എക്സ് പ്യൂപ്പിൾസിന്/മുൻ അന്തേവാസികൾക്ക് ഏതെങ്കിലും തരത്തിലുള്ള വ്യവസായമോ കൈത്തൊഴിലോ ബിസിനസ്സോ വ്യാപാരമോ ആരംഭിക്കുന്ന ആവശ്യത്തിലേക്ക് മാത്രമേ ഈ സഹായം നൽകുവാൻ പാടുള്ളൂ.

22. തിരുവനന്തപുരം ചീഫ് പ്രൊബേഷൻ സൂപ്രണ്ടിനെ അഭിസംബോധന ചെയ്തുകൊണ്ട് ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർ മുഖേനയായിരിക്കണം ഈ പദ്ധതി പ്രകാരമുള്ള സഹായത്തിന് വേണ്ടിയുള്ള അപേക്ഷ അയയ്ക്കുന്നത്.

23. ഈ ചട്ടങ്ങളിലെ 19–ാം ചട്ടത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള വിഭാഗത്തിൽപ്പെടുന്നവരും തങ്ങളുടെ മേലുള്ള മേൽനോട്ടത്തിന്റെ കാലയളവിന്റെ രണ്ടിലൊന്നു ഭാഗം തൃപ്തികരമായി പൂർത്തിയാക്കിയവരുമായ എക്സ് പ്യൂപ്പിൾസിന് മാത്രമേ ഈ പദ്ധതി പ്രകാരമുള്ള സഹായത്തിന് അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

Rs 10,000 raised as per

Go

24. ഈ പദ്ധതി പ്രകാരം പ്രൊബേഷൻ ഓഫീസർമാർക്ക് കിട്ടുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധനയ്ക്കുശേഷം ബന്ധപ്പെട്ട റീജിയണൽ പ്രൊബേഷൻ ഓഫീസർക്ക് അയച്ചുകൊടുക്കേണ്ടതും അദ്ദേഹം അവ തന്റെ ശുപാർശകൾ സഹിതം ചീഫ് പ്രൊബേഷൻ സൂപ്രണ്ടിന് അയച്ചുകൊടുക്കേണ്ടതുമാണ്.

25. ഓരോ അപേക്ഷയും ചീഫ് പ്രൊബേഷൻ സൂപ്രണ്ട് ആഫ്റ്റർ കെയർ അസോസിയേഷനുമായി കൂടിയാലോചിച്ച് പരിഗണിക്കേണ്ടതും അർഹതയുണ്ടെന്നു കാണുന്നപക്ഷം ഓരോ കേസിലും പരമാവധി 5000 രൂപ (അയ്യായിരം രൂപ മാത്രം) എന്ന പരിധിക്കുവിധേയമായി സഹായം അനുവദിക്കേണ്ടതുമാണ്. തുക നൽകുന്നത് ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർ മുഖേനയും സ്വീകർത്താക്കളിൽ നിന്നും ശരിയായ രസീത് വാങ്ങിക്കൊണ്ടും ആയിരിക്കേണ്ടതാണ്.

26. സ്വീകർത്താക്കൾ തുക ഉചിതമായ വിധത്തിലാണോ വിനിയോഗിക്കുന്നത് എന്ന് ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർ നിരീക്ഷിക്കേണ്ടതും തുക വിതരണം ചെയ്ത തീയതി മുതൽ ഒരു മാസത്തിനുളളിൽ ആവശ്യമായ വിനിയോഗ സർട്ടിഫിക്കററ് വാങ്ങി അയച്ചുകൊടുക്കേണ്ടതുമാണ്.

27. തുക വിതരണം ചെയ്യുന്നതിനുമുൻപ് മെമ്പർ സെക്രട്ടറി ചീഫ് പ്രൊബേഷൻ സൂപ്രണ്ട് എക്സ് പ്യൂപ്പിൾസിന്റെ/മുൻ അന്തേവാസിയുടെ മാതാപിതാക്കളിൽ നിന്നോ, അടുത്ത ബന്ധുക്കളിൽ നിന്നോ മുദ്രപ്പത്രത്തിൽ ഒപ്പിട്ട പൂർത്തീകരിച്ച ഒരു കരാർ വാങ്ങേണ്ടതാണ്. എന്തെന്നാൽ ധനസഹായത്തിന്റെ ഉചിതമായ വിനിയോഗത്തിന് അവരെ ഉത്തരവാദികളായി കണക്കാക്കുന്നതാണ്.

## ഭാഗം 4

## ബോർസ്ററൽ സ്ക്കൂളുകളിലെ മുൻ അന്തേവാസികൾക്കുളള ധനസഹായം

28. ദരിദ്രമായ സാമ്പത്തിക പശ്ചാത്തലമുളള കുടുംബങ്ങളിൽപ്പെട്ടവരും പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൻ കീഴിലുളളവരും ബോർസ്ററൽ സ്ക്കൂളുകളിൽ നിന്നും വിടുതൽ ചെയ്യപ്പെട്ട മുൻ അന്തേവാസികളും ആയ ആളുകൾക്കുമാത്രമേ ഈ സഹായം ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുകയുളളു.

29. മുൻ അന്തേവാസികൾക്ക് ഏതെങ്കിലും തരത്തിലുളള വ്യവസായമോ, കൈത്തൊഴിലോ, ബിസിനസ്സോ, വ്യാപാരമോ ആരംഭിക്കുന്ന ആവശ്യത്തിലേക്ക് മാത്രമേ ഈ സഹായം നൽകുവാൻ പാടുളളു.

30. തിരുവനന്തപുരം ചീഫ് പ്രൊബേഷൻ സൂപ്രണ്ടിനെ അഭിസംബോധന ചെയ്തുകൊണ്ട് ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർ മുഖേനയായിരിക്കണം ഈ പദ്ധതി പ്രകാരമുളള സഹായത്തിനുവേണ്ടിയുളള അപേക്ഷ അയയ്ക്കുന്നത്.

31. ഈ ചട്ടങ്ങളിലെ 28-ാം ചട്ടത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ പാലിക്കുന്നവരും തങ്ങളുടെ മേൽനോട്ടത്തിന്റെ കാലയളവിന്റെ രണ്ടിലൊന്നുഭാഗം തൃപ്തികരമായി പൂർത്തിയാക്കിയവരുമായ മുൻ അന്തേവാസികൾക്കു മാത്രമേ' ഈ പദ്ധതി പ്രകാരമുള്ള സഹായത്തിന് അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

32. ഈ പദ്ധതി പ്രകാരം പ്രൊബേഷൻ ഓഫീസർക്കു കിട്ടുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്കുശേഷം ബന്ധപ്പെട്ട റീജിയണൽ പ്രൊബേഷൻ ഓഫീസർമാർക്ക് അയച്ചുകൊടുക്കേണ്ടതും അദ്ദേഹം അവ തന്റെ ശുപാർശകൾസഹിതം ചീഫ് പ്രൊബേഷൻ സൂപ്രണ്ടിന് അയച്ചുകൊടുക്കേണ്ടതുമാണ്.

33. ഓരോ അപേക്ഷയും ചീഫ് പ്രൊബേഷൻ സൂപ്രണ്ട് ആഫ്ററർ കെയർ അസോസിയേഷനുമായി കൂടിയാലോചിച്ച് പരിഗണിക്കേണ്ടതും അർഹതയുണ്ടെന്നു കാണുന്നപക്ഷം, ഓരോ കേസിലും പരമാവധി 5000 രൂപാ (അയ്യായിരം രൂപാ) എന്ന പരിധിക്കു വിധേയമായി സഹായം അനുവദിക്കേണ്ടതുമാണ്. തുക നൽകുന്നത് ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർ മുഖേനയും സ്വീകർത്താക്കളിൽനിന്നും ശരിയായ രസീതു വാങ്ങിക്കൊണ്ടും ആയിരിക്കേണ്ടതാണ്.

34. സ്വീകർത്താക്കൾ തുക ഉചിതമായ വിധത്തിലാണോ വിനിയോഗിക്കുന്നത് എന്ന് ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർ നിരീക്ഷിക്കേണ്ടതും തുക വിതരണംചെയ്ത തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ആവശ്യമായ വിനിയോഗ സർട്ടിഫിക്കററ് വാങ്ങി അയച്ചുകൊടുക്കേണ്ടതുമാണ്.

35. തുക വിതരണം ചെയ്യുന്നതിനു മുൻപ് മെമ്പർ സെക്രട്ടറി/ചീഫ് പ്രൊബേഷൻ സൂപ്രണ്ട് ബന്ധപ്പെട്ട ഗുണഭോക്താവിൽനിന്നും മുദ്രപ്പത്രത്തിൽ ഒപ്പിട്ടു പൂർത്തീകരിച്ച ഒരു കരാർ വാങ്ങേണ്ടതാണ്.

എസ്. സുബ്ബയ്യ,
സെക്രട്ടറി
സാമൂഹ്യക്ഷേമ വകുപ്പ്.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ അതിന്റെ ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്.)

ശ്രദ്ധയുടെയോ മേൽനോട്ടത്തിന്റെയോ ഒരു കാലയളവിന് വിധേയരായി കഴിഞ്ഞ എല്ലാ ആളുകൾക്കും അവരുടെ സാമൂഹ്യമായ പുനരധിവാസത്തിനു വേണ്ടി തുണയും ധനസഹായവും നൽകുവാൻ ആഫ്ററർ കെയർ സർവീസ് ഉദ്ദേശിക്കുന്നു. കേരള സംസ്ഥാന ആഫ്ററർ കെയർ അസോസിയേഷൻ ഈ ലക്ഷ്യം മുന്നിൽകണ്ടുകൊണ്ടുള്ള സേവനങ്ങൾ നടത്തിവരികയാണ്. സംസ്ഥാന സർക്കാർ 1979–80–ലെ വാർഷിക പദ്ധതിയിൻകീഴിൽ മുൻ കുററവാളികൾക്കും പ്രൊബേഷണർമാർക്കും ധനസഹായം ചെയ്യുന്നതിനുള്ള ഒരു

പദ്ധതിക്ക് അനുമതി നൽകുകയും അതു സംബന്ധിച്ച് ഒരു കൂട്ടം ചട്ടങ്ങൾ 27–2–1980–ലെ ജി. ഒ. (എം.എസ്) 46/80/എൽ. ആൻറ് എസ്.ഡബ്ല്യു. ഡി. എന്ന ഉത്തരവുമൂലം പുറപ്പെടുവിക്കുകയും ചെയ്തു. 29–4–1980–ലെ 18–ാം നമ്പർ കേരള ഗസററിൽ വിജ്ഞാപനം ചെയ്ത പ്രസ്തുത ഉത്തരവ് പിന്നീട് 8–6–1987–ലെ ജി.ഒ. (എം.എസ്.) 26/87/ എസ്.ഡബ്ല്യു.ഡി. 6–9–1988–ലെ ജി.ഒ. (എം.എസ്.) 24/88/എസ്. ഡബ്ല്യു. ഡി., 7–11–1991–ലെ ജി.ഒ. (എം.എസ്.) നമ്പർ 21/91/ എസ്.ഡബ്ല്യു.ഡി., 28–2–1996–ലെ ജി.ഒ. (എം.എസ്.) 6/96/എസ്. ഡബ്ല്യു.ഡി. എന്നീ സർക്കാർ ഉത്തരവുകൾ വിജ്ഞാപനം ചെയ്തുകൊണ്ട് ഭേദഗതി ചെയ്യുകയുണ്ടായി. ഈ ചട്ടങ്ങളിൽ ജുവനൈൽ ജസ്ററീസ് ആക്ട്, കേരള ബോർസ്ററൽ സ്ക്കൂൾ ആക്ട് എന്നിവയുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ എക്സ് പ്യൂപ്പിൾസിനോ മുൻ അന്തേവാസികൾക്കോ ധനസഹായം ചെയ്യുന്നതിനുള്ള യാതൊരു വ്യവസ്ഥകളും ഇല്ല. പ്രസ്തുത ആക്ടുകൾക്കുകീഴിൽ കൈകാര്യം ചെയ്യപ്പെട്ട ബാലൻമാർക്കും കൗമാരപ്രായക്കാർക്കും കൂടി ആഫ്ററർ കെയർ സർവീസുകളുടെ ആവശ്യമുള്ളതും അവർ ഇപ്രകാരമുള്ള സേവനങ്ങളുടെ പരിധിയിൽ വരുന്നതുമാണ്. അവരുടെ പുനരധിവാസത്തിനു വഴിയൊരുക്കുന്നതിനായി അവരെയും ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർമാരുടെ മേൽനോട്ടത്തിനു വിധേയരാക്കിയിട്ടുണ്ട്. മുൻ കുററവാളികളുടെയും പ്രൊബേഷണർമാരുടെയും കാര്യത്തിലെന്നപോലെ, അർഹതപ്പെട്ട കേസുകളിൽ ഇവർക്കും ധനസഹായത്തിന്റെ ആവശ്യമുണ്ട്. അതുകൊണ്ട് ഒരിക്കൽ ചേർക്കുവാൻ വിട്ടുപോയത് ചേർക്കുകയും പൂരിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഈ ആവശ്യത്തിലേക്ക് മേൽ പ്രസ്താവിച്ചതും ഇപ്പോൾ നിലവിലുള്ളതുമായ ചട്ടങ്ങൾ വ്യത്യാസപ്പെടുത്തലുകളിലൂടെയും കൂട്ടിച്ചേർക്കലുകളിലൂടെയും ഭേദഗതി ചെയ്യേണ്ടത് ആവശ്യമായിരിക്കുന്നു.